തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**SOC PCW 2402**

## സോഷ്യോളജി

## സാമൂഹികഘടനയും സാമൂഹ്യമാറ്റവും: സൈദ്ധാന്തിക സമീപനങ്ങൾ

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I.** രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

**(8x5 = 40)**

1. ഇന്ത്യൻ സമൂഹപഠനങ്ങളിൽ സംസ്കൃതവൽക്കരണം എന്ന ആശയത്തിന്റെ പ്രസക്തി വിവരിക്കുക.

2. ഘടനാവൽക്കരണസിദ്ധാന്തത്തിന്റെ സവിശേഷതകൾ വിവരിക്കുക.

3. പ്രബലജാതി എന്ന ആശയം വിശദീകരിക്കുക.

4. എന്താണ് ചരിത്രപരമായ ഭൗതികവാദം?

5. കൊളോണിയലിസത്തെക്കുറിച്ചുള്ള ബെർനാഡ് എസ്.കൊഹന്റെ കണ്ടെത്തലുകൾ ക്രോഡീകരിക്കുക.

6. ഇന്ത്യൻ സാമൂഹ്യപരിണാമവുമായി ബന്ധപ്പെടുത്തി കാൾ മാർക്സിന്റെ അടിത്തറ-മേൽപ്പുര സിദ്ധാന്തം വിശകലനം ചെയ്യുക.

7. എം. എൻ.ശ്രീനിവാസ് അവതരിപ്പിച്ച' വോട്ട്ബാങ്ക്' എന്ന ആശയം വിശകലനം ചെയ്യുക.

8. മാക്സ് വെബർ അവതരിപ്പിച്ച ഉത്തമമാതൃകാതരം (ideal type) എന്ന ആശയത്തിന്റെ ഗവേഷണ പ്രാധാന്യം വിവരിക്കുക.

9. അന്യവൽക്കരണം എന്ന ആശയത്തെ ഇന്ത്യൻ തൊഴിൽസാഹചര്യവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

10. ബെനഡിക്ട് ആന്റേർസന്റെ ' ഇമാജിൻഡ് കമ്മ്യൂണിറ്റീസ്' എന്ന സങ്കല്പം ഇന്ത്യൻ സാമൂഹ്യസാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുക.

**II.** അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.

**(3x20=60)**

11. മുതലാളിത്തത്തിന്റെ വളർച്ചയിൽ മത-നൈതിക സങ്കൽപ്പനങ്ങളുടെ പങ്ക് മാക്സ് വെബെറുടെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

12. ഇന്ത്യയിലെ സാമൂഹിക മാറ്റത്തെക്കുറിച്ച് എം. എൻ. ശ്രീനിവാസ് നടത്തിയ കണ്ടെത്തലുകളെ വിമർശനാത്മകമായി പരിശോധിക്കുക.

13. ഭാഷയും അധികാരവും തമ്മിലുള്ള ബന്ധത്തെ ബെർനാഡ് എസ്. കൊഹന്റെ ' കൊളോണിയലിസം ആൻഡ് ഇറ്റ്സ് ഫോംസ് ഓഫ് നോളഡ്ജ്' എന്ന പ്രബന്ധത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

14. പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംവാദത്തെ ആധുനിക ഇന്ത്യൻ സാമൂഹികപശ്ചാത്തലത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

******